ഉത്തരം

(എ) കേന്ദ്ര/സംസ്ഥാന/പൊതുമേഖലാ ജീവനക്കാർക്ക് കൺവേയൻസ് അലവൻസ് ലഭിയ്ക്കുന്നതിനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷനും പുതുതായി ജോലിയിൽ പ്രവേശിക്കുന്നതിനും വിവിധ കോഴ്സുകൾക്ക് ചേരുന്നതിനുവേണ്ടിയും, ജോലിയ്ക്ക് അപേക്ഷിക്കുന്നതിനുവേണ്ടിയും പ്രസ്തുത സർട്ടിഫിക്കറ്റ് ഉപയോഗിക്കുന്നു.

(ബി) ചില ജില്ലകളിൽ സർട്ടിഫിക്കറ്റ് നൽകുവാൻ കാലതാമസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കാലതാമസം പരിഹരിക്കാൻ നിലവിൽ കൂടുന്ന ബോർഡുകൾക്കുപുറമേ കൂടുതൽ പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിച്ച് ബാക്കിയുള്ള എല്ലാ അപേക്ഷകളും പരിശോധിച്ച് തീരുമാനമെടുക്കാവുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

161 (1765) മലപ്പുറം ജില്ലയിലെ സർക്കാർ ആശുപത്രികൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാർ ഇല്ലാത്തതുമൂലം മലപ്പുറം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഏതെങ്കിലും പൂട്ടിക്കിടക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാം; എന്നുമുതൽ ഈ ആശുപത്രികൾ പൂട്ടികിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജില്ലയിലെ എത്ര ഡോക്ടർമാർക്ക് അവധി അനുവദിച്ചു;

(ഡി) ഏതെല്ലാം ഡോക്ടർമാർ അവധി എടുത്ത് സ്വകാര്യസ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്;

(ഇ) ഇവയിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ആരെല്ലാം;

(എഫ്) രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ആശുപത്രികളുടെ പ്രവർത്തനം സുഗമമാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ)&(ബി) ഇല്ല.

(സി) 11 ഡോക്ടർമാർക്ക് നീണ്ട അവധി അനുവദിച്ചു.

(ഡി)&(ഇ) കെ.എസ്.ആർ പ്രകാരം ഇൻഡ്യയ്ക്കകത്തോ പുറത്തോ മറ്റ് ജോലികൾ സ്വീകരിക്കുന്നതിന് നീണ്ട അവധിയെടുക്കാവുന്നതാണ്. ഇപ്രകാരം അവധിയെടുത്ത് സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്നുണ്ടോ എന്ന് അന്വേഷണം നടത്താറില്ല. അതുകൊണ്ട് അവരുടെ കണക്ക് ലഭ്യമല്ല.

(എഫ്) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർക്ക് ദീർഘകാല അവധി അനുവദിക്കുമ്പോൾ ഉണ്ടാവുന്ന ഒഴിവുകളിൽ പകരം നിയമനം നട

LIBRARY ARCHIVES Kerala Legislative Assembly

ത്താറുണ്ട്. പകരം നിയമനം നടത്തുവാൻ ഡോക്ടർമാർ ലഭ്യമല്ലാതെ വരുന്ന മെഡിക്കൽ കോളേജിലെ ചില വകുപ്പുകളിൽ (ദുർലഭ വിഭാഗങ്ങൾ) അവധി അനുവദിക്കാറില്ല.

162 (1766) തൃപ്പൂണിത്തുറ ആയുർവേദ കോളേജ്

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ ആയുർവേദ കോളേജിൽ പുതിയതായി ഓപ്പറേഷൻ തീയേറ്ററും കൃാഷ്വാലിറ്റി വാർഡും നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ നിർമ്മാണജോലി ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(സി) നിർമ്മാണം എന്ന് പൂർത്തിയാകും; നിർമ്മാണത്തിനുള്ള എഗ്രിമെന്റ് പിരീഡ് എന്നുവരെയാണ്;

(ഡി) ഇവിടേയ്ക്കാവശ്യമായ സ്റ്റാഫിന്റെ തസ്തിക സൃഷ്ടിക്കേണ്ടതുണ്ടോ; എങ്കിൽ ഈ നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഇ) ഏതെല്ലാം തസ്തികകളാണ് സൃഷ്ടിക്കുന്നത്;

(എഫ്) ആവശ്യമായ സ്റ്റാഫിനെ എന്നേയ്ക്ക് നിയമിക്കും;

(ജി) പ്രസ്തുത ജോലികൾക്കായും സ്റ്റാഫിനെ നിയമിക്കുന്നതിനും കഴിഞ്ഞ വർഷത്തിലും നടപ്പുവർഷത്തിലും ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട്?

ഉത്തരം

(എ)-(ജി) ഇപ്പോൾ ഇങ്ങനെയൊരു നിർദ്ദേശം പരിഗണനയിലില്ല.

163 (1767) തൃപ്പൂണിത്തുറ ആയുർവേദ കോളേജിനുവേണ്ടി പുതിയ വാർഡുകൾ

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ ആയുർവേദ കോളേജിനുവേണ്ടി പുതിയ വാർഡുകൾ നിർമ്മിച്ചിട്ടുണ്ടോ;

(ബി) നിർമ്മാണപ്രവർത്തനം ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(സി) എത്ര കിടക്കകളുള്ള വാർഡാണ് നിർമ്മിക്കുന്നത്;

(ഡി) ഇവയ്ക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിച്ചിട്ടുണ്ടോ എന്നാണ് ലഭിച്ചത്; ഗവൺമെന്റ് ഉത്തരവുകളുടെ നമ്പരും തീയതിയും അറിയിക്കുമോ;

(ഇ) പ്രസ്തുത വർക്കുകളുടെ പ്രീ കാളിഫിക്കേഷനും ടെണ്ടറും വിളിച്ചത് എന്നാണ്;

(എഫ്) നിർമ്മാണ ജോലികൾ എന്ന് പൂർത്തിയാകും;

LIBRARY ARCHIVES Kerala Legislative Assembly